(ഇ) കഴക്കൂട്ടത്തെ സർക്കാർ അധീനതയിലുള്ള ലാബ് പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി തൃശ്ശൂരും കോഴിക്കോട്ടുമായി രണ്ട് ഉപഗ്രഹയൂണിറ്റുകൾ ആരംഭിക്കുന്നതിനും സ്വകാര്യമേഖലയിൽ കൂടുതൽ ലാബുകൾ ആരംഭിക്കുന്നതിനും തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്)കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കൃഷിഭവനിലൂടെയും കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള സമൃദ്ധി സ്റ്റാളുകളിലൂടെയും വിതരണം ചെയ്യുവാനാണുദ്ദേശിക്കുന്നത്. കാർഷിക സർവ്വകലാശാല നടീൽ വസ്തുക്കൾ ഗവേഷണ കേന്ദ്രങ്ങളിലെ വിജ്ഞാന വിപണന കേന്ദ്രങ്ങൾവഴി വിതരണം ചെയ്തുവരുന്നു.

(ജി) ഉണ്ട്. ഉല്പാദന ചെലവിന് അനുസൃതമായി മിതമായ വിലയ്ക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്.

6 (*216) തരിശു നിലങ്ങളിൽ കൃഷി ആരംഭിക്കുവാൻ പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്ക് ഉതകുന്ന തരിശുനിലത്തിന്റെ മാപ്പു തയ്യാറാക്കി മണ്ണു പരിശോധനയിലൂടെ പ്രസ്തുത നിലങ്ങളിൽ ഏതൊക്കെ കൃഷിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തി അവിടെ കൃഷി ആരംഭിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) സംസ്ഥാനത്തെ ശൈത്യ പ്രദേശങ്ങളായ വയനാട്, ഇടുക്കി ജില്ലകളിൽ ശൈത്യമേഖലകളിൽ വളരുന്ന പച്ചക്കറികൾ കൃഷി ആരംഭിക്കുവാൻ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) തരിശുഭൂമിയിൽ അനുയോജ്യമായ കൃഷി ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി 1850 ഹെക്ടർ ഭൂമിയിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വർഷങ്ങളായി കൃഷി ചെയ്തിരിക്കുന്ന നെൽപാടങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ തരിശായി കിടക്കുന്ന പ്രദേശങ്ങൾ മുഴുവൻ കൃഷിക്ക് ഉപയുക്തമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ഇടുക്കി, വയനാട് ജില്ലകളിൽ ശീതകാല പച്ചക്കറി കൃഷി 500 ഹെക്ടറിൽ ആരംഭിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത് കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

7 (*217) വ്യാജമദ്യം ഉല്പാദനവും വിതരണവും തടയുന്നതിന് നടപടി

ശ്രീ. പി. നാരായണൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ :

LIBRARY ARCHIVES Kerala Legislative Assembly